**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2068** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ തൊഴിൽ ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ തൊഴിൽ ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണത്തിന്റെ ഭാഗമായി പഠനം നടത്തിയ IIM കൊൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ എണ്ണം ക്രമീകരിച്ച് വരുന്നതിനാൽ, ജീവനക്കാരുടെ വർക്ക്നോംസ് പരിഷ്കരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.<br><br>കെ.എസ്.ആർ.ടി.സി.യിൽ തൊഴിൽ ക്രമീകരണം നടപ്പിലാക്കി വരുന്നു.<br><br>മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരവും, 1962-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് റൂൾ പ്രകാരവും ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും പ്രാരംഭഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ 2022 ഒക്ടോബർ 1 മുതൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുകയും 20.10.2022 മുതൽ ടി യൂണിറ്റിൽ പൂർണ്ണ തോതിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒക്ടോബർ 20 മുതൽ നവംബർ 19 വരെയുള്ള ഒരു മാസക്കാലം സർവ്വീസ് ക്രമീകരിച്ചതിൽ തുടർച്ചയായി ഒന്നിലധികം ഡ്യൂട്ടി ചെയ്യുന്നതിലൂടെ ജീവനക്കാർക്ക് ഉണ്ടായിരുന്ന അധിക ജോലിഭാരവും ജീവനക്കാരുടെ ശാരീരിക മാനസിക സമ്മർദ്ദം കാരണമുള്ള അപകടം ഒഴിവാക്കുവാനും മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26% അധിക കിലോമീറ്റർ |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14% അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ പ്രതി കിലോമീറ്റർ ചെലവ് 5.68 രൂപയും ജീവനക്കാർക്കുള്ള ചെലവിൽ ഒരു കിലോമീറ്ററിന് 3.44 രൂപയും കുറഞ്ഞിട്ടുണ്ട്. 2023 മാർച്ച് മാസത്തോടുകൂടി മുഴുവൻ യൂണിറ്റുകളിലും പ്രസ്തുത ഡ്യൂട്ടി പരിഷ്കരണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |
| (ബി) | തൊഴിൽ ക്രമീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി കോർപ്പറേഷന് വരുമാന ലാഭം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ വരുന്നതിനാൽ പ്രസ്തുത നടപടി പൂർത്തീകരിച്ചതിനുശേഷം മാത്രമേ തൊഴിൽ ക്രമീകരണം മൂലമുള്ള വരുമാന ലാഭം കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ ഇലക്ട്രിക് ബസുകളുടെ സർവ്വീസ് ലാഭകരമാണോ; എങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ ഇലക്ട്രിക് ബസുകളുടെ സർവ്വീസ് പ്രവർത്തന ലാഭത്തിലാണ്.<br>കൂടുതൽ സർവ്വീസുകൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ